(ബി-ഡി) 1995 ലെ കേരള ബീഡി-സീഗാർ തൊഴിലാളി ക്ഷേമനിധി നിയമം 16-12-1995 ൽ പ്രസിദ്ധീകരിച്ച് നടപ്പിൽ വരുത്തിക്കഴിഞ്ഞു. അടുത്ത ഓഗസ്റ്റ് മുതൽ അർഹമായ തൊഴിലാളികളെ ഈ ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതാണ്.

ചുമട്ടു തൊഴിലാളികൾക്കുള്ള ടെർമിനൽ ബെനിഫിറ്റ് ഫണ്ട് പെൻഷൻ

133 (2045) ശ്രീ. ടി. കെ. ബാലൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചുമട്ടു തൊഴിലാളികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ടെർമിനൽ ബെനിഫിറ്റ് ഫണ്ട് പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) എത്ര ചുമട്ടു തൊഴിലാളികൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട് ;

(സി) പദ്ധതിയുടെ ഗുണഫലം എത്ര തൊഴിലാളികൾക്ക് ഇതിനകം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1983-ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതി പ്രകാരം വിവിധ പ്രാദേശിക കമ്മിറ്റികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചുമട്ടു തൊഴിലാളികൾ 60 വയസ്സ് പൂർത്തിയാക്കി റിട്ടയർ ചെയ്യുമ്പോൾ സേവന ദൈർഘ്യവും അതുവരെ നേടിയ ശരാശരി മാസവേതനത്തിന്റെയും അടിസ്ഥാനത്തിൽ ആനുപാതികമായി പെൻഷനും വർദ്ധിച്ച നിരക്കിൽ ടെർമിനൽ ബെനിഫിറ്റും നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതാണ് 1997-ലെ കേരള ചുമട്ടു തൊഴിലാളി (പെൻഷൻ ആന്റ് റിവൈസ്ഡ് ടെർമിനൽ ബെനിഫിറ്റ്) റെഗുലേഷൻസ്. 1-7-1997 മുതല്ക്കാണ് ഈ പെൻഷൻ പദ്ധതി പ്രാബല്യത്തിൽ വന്നിട്ടുള്ളത്. ബോർഡിന്റെ പ്രാദേശിക കമ്മിറ്റിയിൽ ചുമട്ടു തൊഴിലാളിയായി രജിസ്റ്റർചെയ്ത് ചുരുങ്ങിയത് 9 വർഷമെങ്കിലും സേവനമനുഷ്ഠിച്ച് 60 വയസ്സിൽ റിട്ടയർ ചെയ്യുന്ന തൊഴിലാളിക്ക് ആനുപാതിക പെൻഷൻ ലഭിക്കും. തുടക്കത്തിൽ മിനിമം പ്രതിമാസ പെൻഷൻ 125 രൂപയും, പരമാവധി 2400 രൂപയും എന്നാണ് വ്യവസ്ഥചെയ്തിരുന്നത്. എന്നാൽ മിനിമം പെൻഷൻ തുക 1999 ഏപ്രിൽ മാസം മുതൽ 200 രൂപയായി വർദ്ധിപ്പിക്കുകയും, 9 വർഷത്തെ സേവന ദൈർഘ്യമുണ്ടായിരിക്കണമെന്ന വ്യവസ്ഥ 6 വർഷമായി ചുരുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചുരുങ്ങിയത് 5 വർഷത്തെയെങ്കിലും സേവന ദൈർഘ്യമുള്ള ഒരു തൊഴിലാളി മരണപ്പെടുമ്പോഴോ, പെൻഷൻ ആയ തൊഴിലാളി മരണപ്പെടുമ്പോഴോ, ബന്ധപ്പെട്ട കുടുംബത്തിലെ ഒരംഗത്തിന് ഈ റെഗുലേഷൻ പ്രകാരം പ്രതിമാസം 100 രൂപ കുടുംബ പെൻഷനും അർഹതയുണ്ട്.

പെൻഷന് അർഹതയില്ലാത്ത തൊഴിലാളികൾക്ക് സേവനദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് ടെർമിനൽ ബെനിഫിറ്റ് നല്കിവരുന്നു. 15 വർഷത്തിനുമേൽ സർവ്വീസുള്ള തൊഴിലാളിക്കും റിവൈസ്ഡ് ടെർമിനൽ ബെനിഫിറ്റും പെൻഷനും നൽകുന്നതാണ്. ഒരു തൊഴിലാളി കുറഞ്ഞത് 20

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തെ സേവനവും, 50 വയസ്സും പൂർത്തിയാക്കിയാൽ വോളന്ററി റിട്ടയർമെന്റിന് അപേക്ഷിക്കാവുന്നതാണ്. ഇവർക്ക് പ്രതിമാസ പെൻഷനും റിവൈസ്ഡ് ടെർമിനൽ ബെനിഫിറ്റിനും അർഹതയുണ്ട്. എന്നാൽ 60 വയസ്സ് പൂർത്തിയാകുന്നതിന് മുമ്പ് ജോലി ഉപേക്ഷിച്ച് പോകുകയോ രാജിവെയ്ക്കുകയോ ചെയ്യുന്ന തൊഴിലാളിക്ക് പെൻഷൻ നൽകുന്നതല്ല.

(ബി) 22,537 തൊഴിലാളികൾ.

(സി) ഇതിനകം 44 തൊഴിലാളികൾക്ക് പെൻഷനും, 11 തൊഴിലാളികളുടെ അവകാശികൾക്ക് കുടുംബപെൻഷനും, 8 പേർക്ക് റിവൈസ്ഡ് ടെർമിനൽ ബെനിഫിറ്റും ആനുകൂല്യവും ഇതിനകം വിതരണം ചെയ്തിട്ടുണ്ട്.

മരംകയറ്റ തൊഴിലാളികൾക്ക് ക്ഷേമനിധി

134 (2046) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരംകയറ്റ തൊഴിലാളി ക്ഷേമനിധി പ്രകാരം അപകടം സംഭവിക്കുകയോ മരണപ്പെടുകയോ ചെയ്യുന്ന ആൾക്ക് ഇപ്പോൾ ആശ്വാസധനമായി എത്ര രൂപയാണ് നൽകി വരുന്നത് ;

(ബി) എത്ര പേർക്ക് തുക നൽകുവാനുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) തുക ഏതു തീയതിക്കകം നൽകുവാൻ സാധിക്കും എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) നിലവിലുള്ള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം പതിനായിരം രൂപ നൽകി വരുന്നു.

(ബി) 1-1-1999 മുതൽ ധനസഹായം അനുവദിച്ച 127 അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

	ജില്ല	ധനസഹായം നൽകേണ്ടവരുടെ എണ്ണം
1.	തിരുവനന്തപുരം	17
2.	കൊല്ലം	12
3.	ആലപ്പുഴ	8
4.	പത്തനംതിട്ട	8
5.	കോട്ടയം	3
6.	ഇടുക്കി	ഇല്ല
7.	എറണാകുളം	10
8.	തൃശ്ശൂർ	10

LIBRARY ARCHIVES Kerala Legislative Assembly